പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1095 — 20/03/2012 ൽ മറുപടിയ്ക്ക്

## ഭൂമികേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) | കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽ നടപ്പാക്കിയ ഭൂമികേരളം പദ്ധതിയുടെ പുരോഗതികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ മേൽമുറി വില്ലേജ് ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കി 9(2) നോട്ടിഫിക്കേഷൻ 06.09.10 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ലഭിച്ച 972 ALC പരാതികൾ പരിഹരിച്ചിട്ടുണ്ട്. റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള സർവ്വെ അതിരടയാള നിയമത്തിലെ 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | മേൽമുറി വില്ലേജിലെ നിരവധി കുടുംബങ്ങൾക്ക് ജന്മം ആധാരമില്ലാത്തതും പട്ടയമില്ലാത്തതുമായ കാണം ഭൂമിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പട്ടയം ലഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനും, വില്ലേജ് ഓഫീസിൽ നിന്നും സ്വമേധയാ റിപ്പോർട്ട് നൽകി പട്ടയം ഇല്ലാത്തവർക്ക് അത് ലഭിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) | പരിശോധിച്ചു വരുന്നു. |
| (ഡി) | ഭൂമികേരളം പദ്ധതി നടപ്പാക്കിയതിനു ശേഷം എത്ര പേർ പട്ടയത്തിന് അപേക്ഷിച്ചുവെന്നും എത്ര പേർക്ക് പട്ടയം നൽകിയെന്നും വെളിപ്പെടുത്താമോ? | (ഡി) | ഭൂമികേരളം പദ്ധതിയിൽ പട്ടയത്തിനു വേണ്ടി അപേക്ഷകൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ